# അമേരിക്കൻ സൈന്യം ഇനി കംപ്യൂട്ടർഗെയിം കളിക്കും

സ്വന്തം ലേഖകൻ

അമേരിക്കൻ സൈന്യത്തിന്റെ യുദ്ധപരിശീലനത്തിന് ഇനി കമ്പ്യൂട്ടർ ഗെയിമും. യു. എസ്. സൈന്യത്തെ കംപ്യൂട്ടർ ഗെയിം ഉപയോഗിച്ച് പരിശീലിപ്പിക്കുമെന്ന് ബുഷ് ഭരണകൂടം അറിയിച്ചിരിക്കുന്നു. "പ്രതിയോഗിക്കു മുന്നിൽ പാഴാക്കുന്ന ഒരു നിമിഷത്തിന് ജീവന്റെ വിലയാണ്. വേണ്ട രീതിയിൽ തയ്യാറാക്കിയ കംപ്യൂട്ടർ ഗെയിമുകൾ മനുഷ്യനെ അതിമാനുഷനാക്കാൻ കഴിവുള്ളവയാണ്- കംപ്യൂട്ടർ ഗെയിം നിർദ്ദേശിച്ച ശാസ്ത്രജ്ഞർ പറയുന്നു."

കംപ്യൂട്ടർ ഗെയിമുകൾ മനുഷ്യസമൂഹത്തിൽ അത്യന്തം അപകടകരമായ ഒരു സ്വാധീനമായി വളരുകയാണ്. സാധാരണ മനുഷ്യരിൽ നിന്ന് ലോലഭാവങ്ങളേയും മാനുഷികതേയും എല്ലാം ചോർത്തിക്കളഞ്ഞ് ഭരണകൂട ഭീകരന്മാരേയും പ്രതിഭീകരന്മാരേയും അത് സൃഷ്ടിക്കും. സൈബർ സെക്സിന്റെ അതിപ്രസരവും സ്ത്രീകൾക്കു നേരെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും ഇതോടു ചേർത്ത് വായിക്കുക. മയക്കുമരുന്നുപോലെ അതിനോടിടപെടുന്ന മനുഷ്യരെ അടിമകളാക്കാനുള്ള കഴിവ് കമ്പ്യൂട്ടർ ഗെയിമുകൾക്കും സൈബർ സെക്സിനും ഉണ്ടെന്നുള്ളതുകൂടി കണക്കിലെടുക്കുമ്പോൾ ഈ പുതിയ പ്രതിഭാസത്തിനു നേരെ നിസ്സംഗരായിരിക്കുവാൻ നമുക്കു കഴിയില്ല.

ഈ പുതിയ കംപ്യൂട്ടർ ഗെയിം തരംഗം സ്വയംഭൂവായിട്ട് ലോകത്തുണ്ടായതല്ല. അരങ്ങത്തു കളിക്കുന്നവർ രാഷ്ട്രീയ നേതാക്കളാണെങ്കിലും അരങ്ങിനു പുറകിൽ അദൃശ്യരായി ചരടുവലികൾ നടത്തുന്നത് സാമ്പത്തിക ശക്തികളാണെന്നുള്ളതാണ് എല്ലാ കാലത്തേയും അനുഭവം. ഇവിടെയും സംഗതി മറിച്ചല്ല. ബുഷ് ഭരണകൂടത്തെ ഇത്തരമൊരു തീരുമാനമെടുക്കുന്നതിനു പ്രേരിപ്പിച്ചതിനു പിന്നിലുള്ളത് ലോകത്തിലെ ഏറ്റവും വലിയ ഐ. ടി കുത്തകയായ മൈക്രോസോഫ്റ്റ് തന്നെയാണെന്നതിനു സാഹചര്യത്തെളിവുകൾ ധാരാളം.

ഇന്ന് കംപ്യൂട്ടർ ഗെയിം വിപണിയിലെ ആഗോളമല്ലന്മാർ ജപ്പാനിലെ സോണിയും അമേരിക്കയിലെ മൈക്രോസോഫ്റ്റുമാണ്. തല്ക്കാലം മുന്നിലുള്ളത് സോണിയാണ്. സോണിയുടെ പ്ലേ സ്റ്റേഷൻ-2 എന്ന കളിയന്ത്രത്തിന്റെ വടക്കേ അമേരിക്കൻ വിപണിയിലെ വില്പന തന്നെ 11 ദശലക്ഷമാണ്. മൈക്രോസോഫ്റ്റിന്റെ എക്സ് ബോക്സിന്റെ ലോകത്തൊട്ടാകെയുള്ള വില്പന തന്നെ ഇതിന്റെ മൂന്നിലൊന്നു മാത്രമേ വരൂ. പക്ഷേ, മത്സരം തുടങ്ങിയിട്ടേയുള്ളൂ. രണ്ടു കൂട്ടരുടേയും ഉദ്ദേശ്യം ടെലിവിഷൻ പോലെ ലോകത്ത് എല്ലാ കുടുംബങ്ങളിലേക്കും കളിയന്ത്രങ്ങളെ എത്തിക്കുക എന്നതാണ്. വിലയും അതനുസരിച്ച് ശരാശരിയിലേക്കു കുറച്ചു കഴിഞ്ഞു. പക്ഷേ വില കുറച്ചതുകൊണ്ടുമാത്രം കളിയന്ത്രം ചെലവാകില്ല. അതിന് ആളുകളെ ആകർഷിക്കുന്ന പുതിയ ഗെയിം സോഫ്റ്റ്‌വെയറുകൾ ഉണ്ടാകണം. അത് അത്യന്തം ശ്രമകരവും ചെലവേറിയതും ആയ പണിയാണ്. ഇവിടെയാണ് മൈക്രോസോഫ്റ്റിന്റെ ബുദ്ധി. അമേരിക്കൻ പട്ടാളത്തെ അതിമാനുഷരാക്കാനുള്ള ഗെയിം സോഫ്റ്റ്‌വെയറുകളുണ്ടാക്കാൻ അമേരിക്കൻ ഖജനാവിലെ പണം വെള്ളം പോലെ ഒഴുക്കാമല്ലോ. മാത്രമല്ല അതിന്റെ മെച്ചം ജപ്പാൻ കമ്പനിയായ സോണിയേക്കാൾ കൂടുതൽ കൈവശപ്പെടുത്താനാവുക ബിൽഗേറ്റ്സിന്റെ മൈക്രോസോഫ്റ്റിനായിരിക്കും. ഗെയിം വിപണിയിലെ മത്സരം അങ്ങനെ അതിരൂക്ഷമാകുകയാണ്.

മല്ലന്മാരുടെ ഈ ഗെയിം വിപണനത്തിനു പിന്നിലെ കാണാക്കളികൾ പലതാണ്. സോണിയുടെ പ്ലേ സ്റ്റേഷനും മൈക്രോസോഫ്റ്റിന്റെ എക്സ് ബോക്സും അവയുടെ വില കുറഞ്ഞ അനുകരണങ്ങളും നമ്മുടെ നാട്ടിൽ എത്തിക്കഴിഞ്ഞു. പക്ഷേ, അതുമാത്രമല്ല പല ഗെയിമുകളും സാധാരണ കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കുന്ന മൈക്രോസോഫ്റ്റ് വിൻഡോസിന്റെ കൂടെയും ലഭ്യമാണ്. നമ്മുടെ സർക്കാരാഫീസുകളിലെ കംപ്യൂട്ടറുകളിൽ ഒരു നല്ല ശതമാനത്തിലും നടക്കുന്നത് ഗെയിം കളിയാണെന്ന് ചിലർ പറയാറുണ്ട്.

ഇതിന്റെ മറ്റൊരു പതിപ്പാണ് യാതൊരു ഭാവനയുമില്ലാതെ തട്ടിക്കൂട്ടുന്ന ഐ. ടി. അറ്റ് സ്കൂൾ പദ്ധതിയിൽ അരങ്ങേറാൻ പോകുന്നത്. കംപ്യൂട്ടറുമായി ബന്ധപ്പെട്ട യുക്തിചിന്ത, ബേസിക്, പാസ്കൽ, സി മുതലായ പ്രോഗ്രാമിംഗ് ലാംഗേജുകൾ മുതലായവയ്ക്ക് കാര്യമായ പ്രാധാന്യം കൊടുക്കാതെ തട്ടിക്കൂട്ടിയിട്ടുള്ള ഐ. ടി. അറ്റ് സ്കൂളിൽ കുരുന്നുകൾ യഥാർത്ഥ്യത്തിൽ പഠിക്കാൻ പോകുന്നത് ഗെയിമുകൾ കളിക്കാനായിരിക്കും എന്നത് നിസ്സംശയമാണ്. അതിന് 25 രൂപ പ്രതിമാസ ഫീസും വാങ്ങും. ഈ ഭാവനാശൂന്യമായ പദ്ധതിയെ തിരുത്തി ശരിയായ പാതയിലേക്ക് നയിക്കാൻ പൊതുജനാഭിപ്രായം ഉയരേണ്ടിയിരിക്കുന്നു.